## പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ :*511

26.03.2018-ൽ മറുപടിയ്ക്ക്

## ശാസ്ത്ര സാങ്കേതിക സർവ്വകലാശാലയുടെ പ്രവർത്തനം

*ചോദ്യം*

ശ്രീ.വി.പി.സജീന്ദ്രൻ
ശ്രീ. വി.ടി.ബൽറാം
ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ
ശ്രീ. ഐ.സി.ബാലകൃഷ്ണൻ

*ഉത്തരം*

പ്രൊഫ.സി.രവീന്ദ്രനാഥ്
(ബഹു. വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | എ.പി.ജെ.അബ്ദുൾകലാം ശാസ്ത്ര സാങ്കേതിക സർവ്വകലാശാലയുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | പ്രസ്തുത സർവ്വകലാശാലയിൽ എഞ്ചിനീയറിംഗ് കോളേജുകൾക്ക് അഫിലിയേഷൻ നൽകുന്നതിനുള്ള മാനദണ്ഡം എന്താണ്; | (ബി) & (സി) | 2015-16 അധ്യയന വർഷം മുതൽക്കാണ് സർവകലാശാല, കോളേജുകളെ അഫിലിയേറ്റ് ചെയ്തു തുടങ്ങിയത്. മറ്റു യൂണിവേഴ്സിറ്റികളിൽ അഫിലിയേറ്റ് ചെയ്തിരിക്കുന്ന എല്ലാ എഞ്ചിനീയറിംഗ് കോളേജുകൾക്കും സർവകലാശാലയിൽ അഫിലിയേഷൻ ലഭിക്കുന്നതിന് വേണ്ടി അപേക്ഷിക്കാനുള്ള അവസരം നൽകിയിട്ടുണ്ട്. അപേക്ഷ നല്കുന്ന |
| (സി) | അഫിലിയേഷൻ നൽകുന്നതിന് മുമ്പ് സാങ്കേതിക വിദ്യാഭ്യാസരംഗത്തെ വിദഗ്ധർ ഏതെങ്കിലും തരത്തിലുള്ള പരിശോധന നടത്താറുണ്ടോ; | | |

| | | | |
|---|---|---|---|
| | | | കോളേജുകളുടെ അക്കാദമികവും, ഭൗതികവുമായ സാഹചര്യങ്ങൾ രണ്ട് അദ്ധ്യാപകർ അടങ്ങുന്ന ഒരു expert visit committee പരിശോധിച്ച് നല്കുന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് അഫിലിയേഷൻ നല്കുന്നത്. അഫിലിയേഷനു വേണ്ടി അപേക്ഷിക്കുന്ന കോളേജുകൾക്ക് അക്കാദമികവും ഭൗതികവുമായ സാഹചര്യങ്ങളിൽ എന്തെങ്കിലും ന്യൂനതകൾ കണ്ടെത്തിയാൽ, അവ പരിഹരിക്കുന്നതിന് കോളേജുകൾക്ക് സമയം നൽകും. അതിനു ശേഷം രണ്ട് അദ്ധ്യാപകർ അടങ്ങിയ ഒരു Scrutiny/Appeal Committee വിശദമായ പരിശോധന നടത്തി നല്കുന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത കോളേജുകൾക്ക് അഫിലിയേഷൻ നല്കും. ഓരോ വർഷവും AICTE പുറത്തിറക്കുന്ന അപ്രൂവൽ പ്രോസസ്സ് ഹാൻഡ്ബുക്കിലെ നിബന്ധനകൾക്ക് അനുസൃതമായിട്ടാണ് അഫിലിയേഷൻ നൽകുന്നത്. |

| | | | |
|---|---|---|---|
| (ഡി) | നിലവിൽ എത്ര കോളേജുകൾ-ക്കാണ് അഫിലിയേഷൻ നൽകിയിട്ടുള്ളത്; | (ഡി) | 2017-18 അധ്യയന വർഷത്തിൽ 154 കോളേജുകൾക്കാണ് അഫിലിയേഷൻ നൽകിയിട്ടുള്ളത്. 2018-19 വർഷത്തേക്ക് അഫിലിയേഷൻ നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. |
| (ഇ) | അഫിലിയേറ്റ് ചെയ്തിട്ടുള്ള കോളേജുകളിൽ ഏതെങ്കിലും ഈ വർഷം അടച്ചുപൂട്ടുന്നതിനുള്ള അപേക്ഷ നൽകിയിട്ടുണ്ടോ; വിശദാംശം നൽകുമോ; | (ഇ) | ഉണ്ട്. 2017-18 അധ്യയന വർഷം അഫിലിയേറ്റ് ചെയ്തിരിക്കുന്ന കോളേജുകളിൽ ചുവടെ ചേർത്തിരിക്കുന്ന 3 കോളേജുകൾ വിദ്യാർത്ഥികളുടെ പരാതിയുടെയും മാനേജ്മെന്റിന്റെ ആവശ്യത്തിന്റെയും അടിസ്ഥാനത്തിൽ അടച്ച് പൂട്ടിയിരുന്നു.<br>1.Pinnacle College of Engineering, Kollam<br>2.Aryanet College of Engineering, Palakkad<br>3.K.M.P. College of Engineering, Ernakulam<br>2018-19 അധ്യയന വർഷത്തേക്കു ചുവടെ ചേർത്തിരിക്കുന്ന 2 കോളേജുകൾ അടച്ച് പൂട്ടുന്നതിനായി അപേക്ഷ നൽകിയിട്ടുണ്ട് |

| | | | |
|---|---|---|---|
| | | | 1. Prime College of Engineering<br>2. K.V.M. College of Engineering. |
| (എഫ്) | എഞ്ചിനീയറിംഗ് വിദ്യാഭ്യാസ നിലവാരം ഉയർത്തുന്നതിനും ഇന്ത്യയിലെ മറ്റ് ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളോട് കിടപിടിക്കുന്ന രീതിയിൽ എ.പി.ജെ. അബ്ദുൾ കലാം ശാസ്ത്ര സാങ്കേതിക സർവ്വകലാശാലയെ മാറ്റിയെടുക്കുന്നതിനും എന്തൊക്കെ പരിഷ്കാരങ്ങളാണ് പ്രസ്തുത സർവ്വകലാശാലയിൽ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ? | (എഫ്) | എ.പി.ജെ. അബ്ദുൾ കലാം ശാസ്ത്ര സാങ്കേതിക സർവകലാശാലയുടെ പ്രവർത്തനം കൂടുതൽ ജനാധിപത്യപരവും ചിട്ടയോടും കൂടി മാറ്റുന്നതിനായി സർക്കാർ സർവകലാശാല ആക്റ്റിൽ വേണ്ടുന്ന ഭേദഗതി വരുത്തി ഓർഡിനൻസ് പുറത്തിറക്കുകയുണ്ടായി. അത് പ്രകാരം സർവകലാശാല പ്രവർത്തനം മികവുറ്റതാക്കുന്നതിനു വേണ്ടി ബോർഡ് ഓഫ് ഗവർണേഴ്സ്, സിൻഡിക്കേറ്റ്, അക്കാഡമിക് കൗൺസിൽ എന്നിവ പുനഃസംഘടിപ്പിക്കുവാനും ബോർഡ് ഓഫ് സ്റ്റഡീസ്, പ്ലാനിംഗ് ബോർഡ്, ഫിനാൻസ് കമ്മിറ്റി എന്നിവ രൂപീകരിക്കുവാനും നടപടി സ്വീകരിച്ചിട്ടുണ്ട്.<br>സർവകലാശാലയുടെ പരീക്ഷ നടത്തിപ്പുമായി ബന്ധപ്പെട്ട് കാര്യങ്ങൾ കൂടുതൽ ഫലപ്രദമായി നടപ്പിലാക്കണമെന്ന് സർക്കാർ |

| | | | |
|---|---|---|---|
| | | | നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ, പൂർണ്ണമായും ഇ-ഗവേർണൻസ് സംവിധാനത്തിൽ പ്രവർത്തിക്കുന്ന സർവകലാശാലയുടെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുവാൻ ഇ-ഗവേർണൻസ് സംവിധാനത്തിൽ വേണ്ട പരിഷ്കാരങ്ങൾ പുന: പരിശോധനകൾക്കായി സർവകലാശാലയുടെ തന്നെ അഫിലിയേറ്റഡ് കോളേജുകളിലെ അദ്ധ്യാപകർ അടങ്ങുന്ന ഒരു വിദഗ്ദ്ധ സമിതിയെ നിയോഗിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ